(എ) നടപ്പ് വർഷത്തെ പാഠപുസ്തക അച്ചടി വൈകുന്നത് അച്ചടി വകുപ്പിന്റെ വീഴ്ചകൊണ്ടാണോ ; ഇക്കാര്യത്തിൽ വകുപ്പിന്റെ വിശദീകരണം എന്താണ് ;

(ബി) ഈ വർഷത്തെ ഓണത്തിനു മുൻപെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കാൻ കഴിയുമോ ?

ഉത്തരം

(എ) അല്ല. 2015-16 അദ്ധ്യയനവർഷത്തെ പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-ലും ഫൈനൽ പ്രിന്റ് ഓർഡർ 10-2-2015-ലുമാണ് കെ.ബി.പി.എസ്.-ന് ലഭിച്ചത്. പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 11-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4920/2014/പൊ.വി.വ. പ്രകാരവും ആയത് വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 24-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 150/2015/ഉ.വി.വ. പ്രകാരവും നൽകിയിട്ടുണ്ട്.

2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10-2-2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നു. 2,33,26,800 പുസ്തകങ്ങൾ Vol. I ആയും 1,39,88,700 പുസ്തകങ്ങൾ Vol. II ആയും അച്ചടിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. Vol. I പാഠപുസ്തക അച്ചടി മേയ് 15-ാം തീയതിയ്ക്കകം പൂർത്തീകരിക്കാൻ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് കഴിയുകയില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ശേഷിച്ച 60 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സിനെ ഏൽപ്പിക്കുന്നതിനുത്തരവായിരുന്നു.

ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ് അച്ചടിച്ച് നൽകിയിട്ടുണ്ട്. അച്ചടി പൂർത്തീകരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിനായി കെ.ബി.പി.എസ്.-നെ ഏൽപ്പിക്കുകയും ആയതിന്റെ അച്ചടി നടപടികൾ കെ.ബി.പി.എസ്.-ൽ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വോളിയം I പാഠപുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

2015-16 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി

200 (4243) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2015-16 അദ്ധ്യയന വർഷം വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഓർഡറുകൾ ലഭിച്ചവയിൽ അച്ചടിവകുപ്പ് എത്ര പുസ്തകങ്ങൾ അച്ചടിച്ച് ജില്ലാതല ബുക്ക് ഡിപ്പോകളിൽ എത്തിക്കുകയുണ്ടായിയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

2015-16 അദ്ധ്യയന വർഷത്തേക്കായി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ 12,07,500 എണ്ണം അച്ചടിച്ച് വിതരണത്തിനായി കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റി ഇതുവരെ 2,15,99,208 അച്ചടിച്ച പാഠപുസ്തകങ്ങൾ വിതരണത്തിനായി ജില്ലാതല ബുക്ക് ഡിപ്പോകളിൽ എത്തിച്ചിട്ടുണ്ട്.

പരേതയായ എ.എസ്. തങ്കമണിയുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ

201 (4244) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വെൺമണി പഞ്ചായത്തിലെ 155-ാം നമ്പർ അംഗൻവാടി ജീവനക്കാരിയായിരുന്ന പരേതയായ എ.എസ്. തങ്കമണിയുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ മനഃപൂർവ്വം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന് ശേഷവും തടസവാദങ്ങൾ ഉന്നയിക്കുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ;

(സി) എത്രയും വേഗം ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly